# തെരഞ്ഞെടുപ്പ്

രാവിലെ മുതൽ വൈകുന്നേരം വരെ ഓരോ ദിവസവും നാം ചെറുതും വലിയതുമായ അനേകം തെരഞ്ഞെടുപ്പ് നടത്താറുണ്ട്. ബൈബിളിൽ അനേകരുടെ തെരഞ്ഞടുപ്പിനെക്കുറിച്ചും അനന്തരഫലത്തെയുംകുറിച്ചും പറഞ്ഞിട്ടുണ്ട്. ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവമായി യേശു ലോകത്തിൽ വന്നു. കുറ്റമില്ലാത്ത, പാപമില്ലാത്ത യേശുവിനെ അവർ പിടിച്ചു നാടുവാഴിയായ പീലാത്തോസിന്റെ അടുക്കൽ കൊണ്ടുവന്നു. പിലാത്തോസ് വിസ്തരിച്ചിട്ട് പറഞ്ഞു ഇവൻ മരണയോഗ്യമായതു ഒന്നും പ്രവർത്തിച്ചിട്ടില്ലാ, സ്പഷ്ടം. അതുകൊണ്ടു ഞാൻ അവനെ അടിപ്പിച്ചിട്ടു വിട്ടയക്കാം (ലുക്കോസ് 23 : 15). എന്നാൽ മഹാപുരോഹിതന്മാരും, മൂപ്പന്മാരും, ജനവും നിലവിളിച്ചു. അവരുടെ തെരഞ്ഞെടുപ്പ് തടവിൽ കിടക്കുന്ന കൊലപാതക കുറ്റം ചുമത്തിയിരിക്കുന്ന ബർബ്ബാസിനെയായിരുന്നു. പിലാത്തോസിന്റെ തിരഞ്ഞെടുപ്പിന്റെ സമയം വന്നപ്പോൾ മഹാപുരോഹിതനേയും ജനത്തെയും പ്രീതിപ്പെടുത്തുവാൻ വേണ്ടി കുറ്റമില്ലാത്ത യേശുവിനെ ക്രൂശിപ്പാൻ വിധിച്ചു, ബർബ്ബാസിനെ വിട്ടുകൊടുത്തു. അങ്ങനെ അവർ യേശുവിന്റെ വസ്ത്രം അഴിച്ചു. ഒരു ചുവന്ന മേലങ്കി ധരിപ്പിച്ചു. മുള്ളുകൊണ്ട് ഒരു കിരീടം മെടഞ്ഞു അവന്റെ തലയിൽ വെച്ചു. അവന്റെ മേൽ തുപ്പി, കോൽ എടുത്തു അവന്റെ തലയിൽ അടിച്ചു. അവനെ പരിഹസിച്ചു തീർന്നപ്പോൾ (മത്തായി 27:22, 31). അവനെ ഗൊൽഗോഥാ എന്ന് പേരുള്ള തലയോയിടം എന്ന സ്ഥലത്തേയ്ക്ക് കൊണ്ടുപോയി. അവിടെ യേശുവിനെ ക്രൂശിച്ചു. യെഹൂദന്മാരുടെ രാജാവായ യേശു എന്ന് അവന്റെ കുറ്റസംഗതി എഴുതി അവന്റെ തലയ്ക്കുമീതെ വെച്ചു. (മത്തായി 27:38). അവർ രണ്ട് കള്ളന്മാരെ ഒരുത്തനെ വലത്തും ഒരുത്തനെ ഇടത്തുമായി യേശുവിനോട് കൂടെ ക്രൂശിച്ചു. അധർ

മ്മികളുടെ കൂട്ടത്തിൽ അവനെ എണ്ണി എന്നുള്ള തിരുവെഴുത്തു നിവൃത്തിയായി (മർക്കൊസ് 15:27,28). കള്ളന്മാരുടെ തിരഞ്ഞെടുപ്പ് നോക്കിയാൽ, ഒരുത്തൻ നീ ക്രിസ്തു അല്ലയോ നിന്നെ തന്നെയും ഞങ്ങളെയും രക്ഷിക്ക എന്നു പറഞ്ഞു യേശുവിനെ ദുഷിച്ചു. തന്റെ തെറ്റിനെക്കുറിച്ചുള്ള മാനാസാന്തരമില്ലാതെ ലോകരക്ഷകനായ യേശുവിനെ ദുഷിച്ചു. അവൻ മരിച്ചു നിത്യനരകത്തിന് അവകാശിയായിതീർന്നു.

എന്നാൽ തൂക്കിയ ദുഷ്പ്രവൃത്തികാരിൽ മറ്റവൻ ഇവനെ ശാസിച്ചു. എന്നിട്ടു പറഞ്ഞു; നാം ശിക്ഷിക്കപ്പെടുന്നതു നമ്മുടെ പാപം മുഖാന്തരമാണ്. നാം പ്രവൃത്തിച്ചതിന് യോഗ്യമായതാണ് നമ്മൾക്ക് ലഭിച്ചത്. എന്നാൽ യേശു അരുതാത്തത് ഒന്നും ചെയ്തിട്ടില്ല. അവൻ പാപത്തെ ഏറ്റു പറഞ്ഞു. മാനസാന്തരപ്പെട്ടു. മാത്രമല്ല അവൻ യേശുവിൽ വിശ്വസിച്ചു. യേശു ദൈവമാണ് എന്ന് വിശ്വസിച്ചു. അവൻ യേശുവിനോട് പറഞ്ഞു യേശുവെ നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തു കൊള്ളേണമെ. യേശു അവനോട് പറഞ്ഞു ഇന്ന് നീ എന്നോട് കൂടെ പറുദീസയിൽ ഇരിക്കും എന്ന് ഞാൻ സത്യമായി നിന്നോട് പറയുന്നു (ലൂക്കോസ് 23:39-43 ബൈബിൾ). അവന്റെ തെരഞ്ഞെടുപ്പ് അവനെ നിത്യമരണത്തിൽ, നിത്യനരകത്തിൽ നിന്നു വിടുവിച്ചു. സ്വർഗ്ഗരാജ്യത്തിനവകാശിയാക്കി. ഇന്നും ഒരു തെരഞ്ഞെടുപ്പ് നമ്മുടെ മുൻപിൽ ഉണ്ട്. നാം എന്ത് തെരഞ്ഞെടുക്കും അതനുസരിച്ചായിരിക്കും നമ്മുടെ ഫലം. നരകമോ, സ്വർഗമോ, സാത്തനെയോ, അതോ ദൈവത്തെയോ ജീവനോ മരണമോ നമ്മുടെ തെരഞ്ഞെടുപ്പനുസരിച്ചായിരിക്കാം ഫലം.

മനുഷ്യന് വേണ്ടതെല്ലാം തന്റെ വാക്കിനാൽ സൃഷ്ടിച്ചതിന് ശേഷം, നിലത്തെ പൊടികൊണ്ട് മനുഷ്യനെ ദൈവത്തിന്റെ സ്വരൂപത്തിൽ, ദൈവത്തിന്റെ സാദൃശ്യപ്രകാരം സൃഷ്ടിച്ചു. അവന് ആദം എന്നു

പേരിട്ടു. അവന്റെ ഭാര്യ ഹവ്വ. ദൈവം അവനോട് പറഞ്ഞു, തോട്ടത്തിൽ നടുവിൽ നില്ക്കുന്ന നന്മതിന്മകളെക്കുറിച്ചുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്, തിന്നുന്ന നാളിൽ നീ മരിക്കും. എന്നാൽ മനുഷ്യൻ ദൈവത്തെക്കാൾ അധികം സാത്താനെ തെരഞ്ഞെടുത്തു, വൃക്ഷത്തിന്റെ ഫലം തിന്നു. അനുസരണക്കേട് മുഖാന്തരം അവർ ആത്മിയമായി മരിച്ചു. ശാരീരിക മരണം പിന്നാലെ. അങ്ങനെ ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു (റോമർ 5:12).

ദൈവം മനുഷ്യനെ സ്നേഹിച്ചതുകൊണ്ട് മനുഷ്യരെ രക്ഷിപ്പാൻ ലോകത്തിൽ വന്നു. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ (1 തിമെ 1:15). യേശു ദൈവമായതുകൊണ്ട് അവനെ ക്രൂശിച്ചു എങ്കിലും യേശു മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു ഇന്ന് സ്വർഗ്ഗത്തിൽ ജീവിക്കുന്നു. യേശുവിനെ കൈക്കൊണ്ട് യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ ദൈവം അധികാരം കൊടുത്തു (യോഹന്നാൻ 3:16). ദൈവം രക്ഷയ്ക്ക് വേണ്ടി സകലവും ചെയ്തുകൊണ്ട് രക്ഷദാനമായി നമ്മൾക്ക് നൽകുന്നു. കൃപയാൽ അല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിയക്കപ്പെട്ടിരുന്നത് അതിനു നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രേ ആകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ലാ. (എഫെസ്യർ 2:88 ബൈബിൾ) നാം പാപികളായതുകൊണ്ട് നമ്മൾക്ക് രക്ഷ ആവശ്യമാണ്. യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നാം ഇന്ന് എന്ത് തിരഞ്ഞെടുക്കും. നിത്യജീവനോ അതോ നിത്യനരകമോ? തന്റെ ഏക ജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു

പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3:16). ഇന്ന് ഒരു തീരുമാനം എടുക്കുവാൻ ദൈവം സഹായിക്കട്ടെ. യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയംകൊണ്ട് നീതിയ്ക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റുപറയുകയും ചെയ്യുന്നു (റോമർ 10:9,10).

ഈ യേശുക്രിസ്തുവിനെ സ്വന്തരക്ഷകനായി സ്വീകരിക്കുവാൻ ആഗ്രഹം ഉണ്ടെങ്കിൽ ഇങ്ങനെ പ്രാർത്ഥിക്കുക. യേശുകർത്താവെ ഞാൻ ഒരു പാപി ആണ്. എന്റെ പാപം അങ്ങ് ക്ഷമിക്കേണമെ. അങ്ങയുടെ രക്തത്താൽ എന്നെ കഴുകി ശുദ്ധികരിക്കേണമെ. അങ്ങ് എന്റെ പാപങ്ങൾ പരിഹരിക്കുവാൻ ക്രൂശിൽ എനിയ്ക്കുവേണ്ടി മരിച്ചു ഉയർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിൽ ജീവിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്ന് ഞാൻ അങ്ങയെ എന്റെ ഏകദൈവവും ഏകരക്ഷിതാവും ഏകകർത്താവുമായി സ്വീകരിക്കുന്നു. അങ്ങു എന്റെ പ്രാർത്ഥന കേട്ടു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്നെ അങ്ങയുടെ മകൻ/മകൾ ആക്കിയതുകൊണ്ട് ഞാൻ അങ്ങയെ സ്തുതിക്കുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നു. കേട്ടതുകൊണ്ട് സ്ത്രോത്രം ആമേൻ.

ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞുപ്പോയി. ഇതാ അത് പുതുതായി തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നേ കാരണഭൂതൻ. അവൻ നമ്മെ ക്രിസ്തുമൂലം തന്നോട് നിരപ്പിച്ചു (2 കൊരിന്ത്യർ5.17).

(SJP)